# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 31/2020(61), ചൊവ്വാഴ്ച — തീയ്യതി 28.07.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 29.07.2020 | 30.07.2020 | 31.07.2020 | 01.08.2020 | 02.08.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 35 | 30 | 28 | 30 | 31 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 18 | 18 | 14 | 18 | 20 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിന്റെ കൂടെ 20 ഗ്രാം സ്യുഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| വാഴ | പനാമ വാട്ടം | പൂവൻ, കദളി എന്നീ വാഴ ഇനങ്ങളിൽ പനാമ വാട്ടം എന്ന രോഗം രൂക്ഷമായി കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി രോഗം ബാധിച്ച വാഴകളിൽ ഒരു ഗ്രാം കാർബന്റാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴക്കു ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ചാണക പരിശോധന നടത്തി വിരയുണ്ടോയെന്ന് ഉറപ്പാക്കിയതിനു ശേഷം വിരമരുന്നുകൾ നൽകുക. കന്നുകുട്ടികൾക്ക് ആദ്യഡോസ് പ്രസവിച്ച് രണ്ടാഴ്ച്ചക്കുള്ളിൽ നൽകണം. | |